'കൎമ്മേലകുസുമ' ഗ്രന്ഥാവലി നമ്പർ ൩.

# ഹിന്ദുമതം.

ശ്രീമാൻ കെ. അയ്യപ്പൻ ബി. ഏ. അവർകൾ
'സഹോദരൻ' മാസികയിൽ എഴുതിയതു്.

MANNANAM:

PRINTED AT THE ST. JOSEPH'S PRESS,

1921.

# DO YOU LOVE OUR LORD IN THE BLESSED SACRAMENT?

## Read His Magazine.

**THE SENTINEL OF THE BLESSED SACRAMENT**

published monthly.

The official Organ of the People's Eucharistic League.

The "Sentinel" is trying to spread broadcast the fire of divine love that Our Lord came to kindle upon earth in the Blessed Sacrament of the altar. Help it realize this ambition. Subscribe today and get others to subscribe.

A FREE sample copy will be sent on request.

Subscription price in U.S. $2.00 a year; Canada, $2.10; Foreign, $2.25.

THE SENTINEL OF THE BLESSED SACRAMENT.

185 East 76th Street, New York City.



# കേരളീയ കത്തോലിക്കൻ.

കത്തോലിക്കൎക്കും അകത്തോലിക്കൎക്കും ഒന്നുപോലെ വായിച്ചു രസിക്കത്തക്ക ഒരു വിശിഷ്ടമാസിക. ക്രിസ്തുമതതത്വങ്ങളെ പ്രകാശിപ്പിക്കുന്നതും, സമുദായോദ്ധാരണകൃത്യത്തിൽ പൊതുജനങ്ങളെ ത്വരിപ്പിക്കുന്നതുമായ ലേഖനങ്ങൾ, ഭക്തിസംവൎദ്ധകങ്ങളായ പദ്യകൃതികൾ, സംഗീതങ്ങൾ, കവിതാവാസനയുള്ളവരെ സഹായിക്കുന്ന ലേഖനങ്ങൾ, കവിതകൾ, അലങ്കാരശാസ്ത്രം മുതലായവയും ഇതിൽ പ്രതിപാദിക്കപ്പെടും. വാസനയും താല്പൎയ്യവും പഠിപ്പുമുള്ള യുവജനങ്ങളെ ഗദ്യപദ്യനിൎമ്മാണത്തിൽ സഹായിക്കാനും മാൎഗ്ഗനിൎദ്ദേശം ചെയ്തിട്ടുണ്ട്. സൎവ്വപ്രകാരേണയും ലോകാഭിവൃദ്ധിയെ പുരസ്കരിച്ചു പുറപ്പെടുവിക്കുന്ന ഈ മാസികക്കു ആണ്ടടക്കം വരിസംഖ്യ രണ്ടു ക. മാത്രം. ആറുമാസത്തെ വരിസംഖ്യ മുമ്പേറു അയച്ചുതന്നോ അത്രയും സംഖ്യക്കു വീ. പി. അയപ്പാൻ സമ്മതിച്ചോ എഴുതി അയക്കുക.

ററി. വി. അഗസ്റ്റീൻ ഫെർണാൻറസ്,

മാനേജിംഗ് ഉടമസ്ഥൻ,

'കേരളീയകത്തോലിക്കൻ' ആഫീസ്, ചവറ,– തിരുവിതാംകൂർ.

# ഹിന്തുമതം.

## I.

## ഹിന്തുദൈവങ്ങൾ

ഹിന്തുമതത്തിലെ ദേവകളുടെ ഒരു സെൻസസ് എടുക്കുന്നതു് വളരെ രസകരമാണു്. ആകെ സംഖ്യ മുപ്പത്തിമുക്കോടിച്ചില്വാനം. അതിൽ ഈശ്വരന്മാരും ഈശ്വരിമാരും ഒന്നാന്തരം; ദേവന്മാരും ദേവിമാരും രണ്ടാംതരം. ഇവക്കു താഴെ മനുഷ്യരുടെ മേലെയായി നാവരിക്കു പ്രമാണത്തിൽ ചില തരക്കാരുണ്ടു്. ഒന്നാം ക്ലാസ്സുകാരെ മാത്രമേ പ്രത്യേകം വിവരിക്കുന്നുള്ളു. ഒരു ദേവനും മരണമില്ല. എന്നാൽ ചില ദേവന്മാക്കു ജനനം ഉണ്ടു്. ഈശ്വരന്മാരിലും, ഈശ്വരിമാരിലും ചിലർ ജനനവും മരണവും ഇല്ലാത്തവരാണു്. ചിലക്കു് ജനനം ഉണ്ടു്. നമ്മെപ്പോലെയോ കൂടുതലായോ ഭാര്യമാരും കുട്ടികളും ഈശ്വരന്മാക്കുമുണ്ടു്. ചിലരുടെ ചരിത്രത്തിൽ വലിയ നേരംപോക്കിനു വക കാണും. ഒരാൾ പെണ്ണില്ലാഞ്ഞിട്ടു് മകളെത്തന്നെ കല്യാണം കഴിച്ചു. അദ്ദേഹത്തിന്റെ ഫീററൺവണ്ടി വലിക്കുന്നതു് താറാവാണു! ഇദ്ദേഹം ആദ്യം പഞ്ചാനനനായിരുന്നു. ഒരു കള്ളംപറഞ്ഞതുകൊണ്ടു് ഒരു തല അയൽവീട്ടുകാരൻ നുള്ളിക്കളഞ്ഞു. അന്നുമുതൽ ചതുരാനനനായി. വേറൊരീശ്വരൻ ലോകം രക്ഷിക്കാമെന്നു് ഏററ ആളാണു്. ലോകത്തെ നന്നാക്കാൻവേണ്ടി പലതും നോക്കി. മീനായി; ആമയായി; പന്നിയായി; ഒന്നിച്ചു് മൃഗവും മനുഷ്യനുമായി; മനുഷ്യക്കുട്ടിയായി; മുഴുമനുഷ്യനായി; എന്നിട്ടും ലോകം നന്നാകാതെ ഒന്നും വേണ്ടെന്നുവെച്ചു് പാമ്പിൻപുറ

ത്തു് ഉറക്കമായി. ഉറക്കമാണെങ്കിലും എപ്പോഴും രണ്ടു ഭാര്യ കൂടെയുണ്ട്. പിന്നെ ഒരീശ്വരൻ, പാതിയും മനുഷ്യന്ന് ഭാര്യയെന്നു് തനിക്കും വേണമെന്നാക്കി. എന്നിട്ടും തലയിൽ ഒരു ഭാര്യയെ ഒളിച്ചുവെക്കാതെ മൂപ്പർക്ക നിവൃത്തിയില്ല. ആൾ മഹാ ദരിദ്രൻ, കാളവണ്ടിയിലാണ് സവാരി. ഒരീശ്വരൻ മഹാ രസികനാണ്. ഇയാൾ ഒരു കിഴവൻ മഹർഷിയുടെ യുവതിയായ ഭാര്യയെപ്പററിക്കാൻ കള്ളക്കോഴികൂവി. മഹർഷി തൊണ്ടിയോടുകൂടി കള്ളനെപ്പിടിച്ചു; വിദ്വാൻെറ ദേഹമത്രയും മാക്കിട്ടുവിട്ടു. വേറൊരീശ്വരൻ കണ്ട വീട്ടിലൊക്കെ കയറിയിറങ്ങും. പതിനായിരത്തിയെട്ടുകൊണ്ടും അയാൾക്ക് തൃപ്തിയായില്ല. പ്രകൃതിവിരുദ്ധക്കാരും ഈശ്വരന്മാരിൽ ദുർല്ലഭമല്ല. ഒരീശ്വരൻ ആനമോറൻ, പെരുവയറൻ. എലിയാണ് അദ്ദേഹരുടെ അറബിക്കുതിര. ഈശ്വരിമാരുടെ കഥയും രസമുണ്ട്. സാപത്ന്യത്തിൽ ജീവിക്കുന്നതുകൊണ്ട് അവർക്ക് കലഹവും കിറുകിറുപ്പും ഒഴിഞ്ഞിട്ട് നേരമില്ല. എങ്കിലും ദുർന്നടത്തക്കാരാരും അവരിലില്ലാത്തതു് ഭാഗ്യമാണ്. ഒരീശ്വരി മഹാ ഭയങ്കരി തന്നെ. ആടും കോഴിയും എത്ര കിട്ടിയാലും തൃപ്തിയില്ല. മൂപ്പത്തിയാർക്ക് വസൂരികൃഷിയിൽ വലിയ ഉത്സാഹമാണത്രെ. ഈശ്വരന്മാർക്കും ഈശ്വരിമാർക്കും തീണ്ടലും തൊടലും കൂടിയുണ്ട്. അതാണ് കഷ്ടാൽ കഷ്ടം!

ഈവക ഈശ്വരന്മാരും ഈശ്വരിമാരുമാണ് ഇന്നും ഹിന്തുക്കൾക്ക ആരാധനവിഷയമായിട്ടുള്ളതു്!. ഈശ്വരാരാധനയുടെ പരമപ്രയോജനം ഉൽകൃഷ്ടമായ ആദർശദ്ധ്യാനവും തദ്വാര ആ ആദർശത്തിൻെറ സിദ്ധിയുമാണ്. എന്നാൽ മേല്പറഞ്ഞ രീതിയിലുള്ള വിടന്മാരുടേയും, കൈക്കൂലിക്കാരുടേയും, പക്ഷപാതികളുടേയും, തീണ്ടിക്കളിക്കാരുടേയും ആരാധനയിൽ അടങ്ങിയിരിക്കുന്ന ആദർശചിന്ത ബഹു കേമമാണ്. കഷ്ടം! അതിൽപരം നീചവും ജുഗുപ്സാവഹവുമായ ആദർശം വേറെയുണ്ടോ? ഈ ആരാധന നിറുത്താതെ ഹിന്തുക്കൾക്ക അഭിവൃദ്ധിയുണ്ടാകയില്ല. ഇതിലൊക്കെ വലിയ ആന്തരാർത്ഥം ഉണ്ടെന്നും അതു് അറിയാത്തവരാണ് അതിനെ കുററംപറയുന്നവരെന്നും ഉള്ള വാദം ഹിന്തുക്കൾക്ക് സഹജമാണ്. ഇതിൽ കുറെ വാസ്തവം ഉണ്ട്. ഈ ഈ

ശ്വരന്മാരും ഈശ്വരിമാരുമൊക്കെ ചില സൂക്ഷ്മ തത്വങ്ങളൊക്കെ സ്ഥൂലീകരിച്ചു കാട്ടുന്ന കവിസങ്കല്പത്തിന്റെ സൃഷ്ടികളാണെന്നു ആലോചിക്കുന്നവൎക്ക് എളുപ്പം മനസ്സിലാകും. വിഷ്ണുവിനെത്തന്നെയെടുക്കുക. വിഷ്ണു ലോകം രക്ഷിക്കുന്ന ഒരു ശക്തിയാണ്. ലോകരക്ഷക്ക് ധനം ആവശ്യമാണ്. അതുകൊണ്ടു വിഷ്ണു ലക്ഷ്മിയെ വേട്ടു. ഗരുഡൻ ജ്ഞാനത്തിന്റെ അടയാളമായിരിക്കണം. ഭദ്രകാളിയെ എടുക്കുക. കാളി തമോഗുണത്തിന്റെ സ്ഥൂലീകരണമാണ്. നാശമാണല്ലൊ തമോഗുണധൎമ്മം. സൎവ്വധാ നാശസൂചകമാണ് കാളിയുടെ ഭയങ്കരമായ രൂപം. കൃഷ്ണനെ എടുക്കുക. കൃഷ്ണൻ ഗരുഡന്റെ പുറത്തുകയറി പ്രാഗ്ജ്യോതിഷപുരത്തിൽ ചെന്നു എട്ടുചുററുമുള്ള കോട്ടകടന്ന് നരകനെ കൊന്നു അവന്റെ അധീനത്തിൽക്കിടന്ന പതിനാറായിരത്തിഎട്ട് സ്ത്രീകളെ രക്ഷിക്കുന്ന കഥയിലെ ഗരുഡൻജ്ഞാനവും, പ്രാഗ്ജ്യോതിഷപുരം മനസ്സും, നരകൻ നരകവും (ദുരിതം, പാപം) കോട്ടകൾ അഹങ്കാരാദികളും, സ്ത്രീകൾ ആത്മാക്കളും ആണെന്നതിനു സംശയമില്ല. ഇന്ദ്രന്റെ അഹല്യാജാരത്വത്തിനും നല്ല അൎത്ഥമുണ്ട്. ഇതു് വൈദികകാലത്തെ ഒരു കഥയാണ്. ഇന്ദ്രനെ അഹല്യാജാരൻ എന്നു വേദത്തിൽ സ്തുതിച്ചിട്ടുണ്ട്. അവിടെ ഇന്ദ്രൻ ഉദയസൂൎയ്യനാണ്. അഹല്യ രാത്രിയാകുന്നു. ഹല്യം ഹലസംബന്ധിയായ (കലപ്പ ഉപയോഗിക്കാവുന്നതായ) സമയം—അതായതു പകൽ. അതല്ലാത്തതു് അഹല്യ—അതു രാത്രി. രാത്രിയെ ജരിപ്പിക്കുന്നവൻ (നശിപ്പിക്കുന്നവൻ) അഹല്യാജാരനാണല്ലൊ. പുരാണകാലത്തു് ഈ കഥക്ക് വലിയ മാററം വന്നിട്ടുണ്ട്. സൂൎയ്യൻ ഇന്ദ്രനായി രാത്രി ഗൌതമപത്നിയുമായി. ഇതുപോലെ ഭാരതത്തിൽ ഒരു നല്ല ആചാൎയ്യനായ ശ്രീകൃഷ്ണൻ ഭാഗവതത്തിൽ വെറും വിടനാകുന്നു.

ഇങ്ങനെ പൌരാണിക ദേവന്മാരുടെ കഥകൾക്ക് ആന്തരാൎത്ഥം കണ്ടുപിടിക്കാവുന്നതാണെന്ന് സമ്മതിക്കാം. പക്ഷെ അതുകൊണ്ടെന്തു പ്രയോജനം? അതു് പണ്ഡിതന്മാൎക്കേ സാധിക്കൂ. ഈ ഈശ്വരന്മാരുടെ കടങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുന്നവർ പിന്നെ ഒരു നിലയിലും ആ ഈശ്വ

ന്മാരെ ആരാധിക്കയില്ല; ആരാധിച്ചിട്ടു കാര്യവുമില്ല. ഈ അർത്ഥങ്ങൾ കണ്ടെത്താൻ കഴിയാത്ത ജനസാമാന്യം ഈശ്വരന്മാരെപ്പററിയുള്ള പൌരാണികകഥകൾ അക്ഷരംപ്രതി യഥാർത്ഥമായിട്ടാണ് വിശ്വസിക്കുന്നതു്. അത്രമാത്രമേ അവക്കു സാധിക്കയുള്ളു. കൃഷ്ണനെ പച്ച വ്യഭിചാരിയായിട്ടാണ് അവർ അറിയുന്നതു്. കൃഷ്ണന്റെ വ്യഭിചാരത്തെ അവർ ലീലയായിട്ടു തള്ളിയിരിക്കുന്നു എന്ന ഒരു വിശേഷം ഉണ്ടു്. ധ്യാതാവു് ധ്യേയം ആകമെന്നാണല്ലൊ സിദ്ധാന്തം. അതുകൊണ്ടു ഈ ദേവന്മാരെ സേവിക്കുന്ന മനുഷ്യരും അവരെപ്പോലെ ആകാനാണ് എളുപ്പം. വ്യഭിചാരിയെ ധ്യാനിക്കുന്നവൻ വ്യഭിചാരിയാകും. കള്ളനെ ധ്യാനിക്കുന്നവൻ കള്ളനാകും. കൈക്കൂലിക്കാരനെ ധ്യാനിക്കുന്നവൻ ക്രൂരനാകും. രീണ്ടിക്കളിക്കാരനെ ധ്യാനിച്ചാൽ രീണ്ടിക്കളിക്കാരനാകും. ഇതൊക്കെ അനുഭവംകൊണ്ടും നമുക്കൂഹിക്കാം. കൊടുങ്ങല്ലൂർ ഭരണിക്കു പോകുന്ന വെളിച്ചപ്പാടന്മാരെല്ലാം ഉഗ്രത്വത്തിലും ബീഭത്സത്വത്തിലും ഒരുവിധം ചെറിയ ഭദ്രകാളിമാരല്ലയോ? സുബ്രഹ്മണ്യക്കോവിലിൽ കാവടികെട്ടിത്തുള്ളുന്നവർ ഒരുവക വേലവന്മാർ തന്നെ. ഈ ദേവന്മാരുടെ മാതൃകകളിൽ പൌരാണികന്മാർ വളരെ ഉൽകൃഷ്ടമായ ആദർശങ്ങൾ അംകിച്ചിട്ടുണ്ടെന്നിരുന്നാലും അവയിലെ ബാഹ്യങ്ങളും നീചങ്ങളും ജുഗുപ്സാവഹങ്ങളുമായ ഭാവങ്ങളിലാണ് ബഹുജനങ്ങളുടെ ശ്രദ്ധ പതിയുന്നതു്. അങ്ങനെ അവരുടെ മതം അവരെ ദൂഷിപ്പിക്കുന്നു; അധഃപതിപ്പിക്കുന്നു. മനംപോലെയത്രെ മംഗല്യം. ചീത്ത ധ്യാനിച്ചാൽ ചീത്തയാകും. ഹിന്തുക്കളുടെ ശക്തി ക്ഷയിച്ചു് അവർ ഒരുവക വെറും ആചാരജഡരായതിന്റെ ഒരു കാരണം ഈ പൌരാണിക ദേവാരാധനയാണെന്നതിന്നു് തക്കമില്ല. ജനസാമാന്യത്തിന്നു് ഈമാതിരി ദേവന്മാരെ മാത്രമെ സങ്കല്പിക്കുവാൻ സാധിക്കു എന്ന ഒരു വാദമുണ്ടു്. കുടം സമുദ്രത്തിൽ മുക്കിയാലും കുടത്തിൽ കൊള്ളുന്നതേ എടുക്കു. പശു ദൈവത്തെ സങ്കല്പിച്ചാൽ പശുവിന്റെ ആകൃതിയിൽ സങ്കല്പിക്കും, എന്നൊക്കെയാണ് ആ വാദക്കാരുടെ ന്യായങ്ങൾ. മനുഷ്യൻ മനുഷ്യനെപ്പോലെ ഒരു ദൈവത്തെ സങ്കല്പിച്ചുകൊള്ളട്ടെ. അതു് ഒരുവിധം സമ്മതിച്ചുകൊടുക്കാം. അതു് ഒരു നല്ല മനുഷ്യന്റെ ആകൃതിയിലും പ്രകൃ

തിയിലും പാടില്ലെന്നുണ്ടോ? എന്നുതന്നെയല്ല, ഇപ്പോഴത്തെ കപടാകൃതിയിലുള്ള ഈശ്വരന്മാരെ സങ്കല്പിക്കുന്നതു അത്ര എളുപ്പമല്ല. അനേക തലമുറയായിട്ട് പഠിച്ചുവരുകകൊണ്ട് എളുപ്പമായി തോന്നുകയാണ്. ഇതിലും ഏററവും എളുപ്പമായിരിക്കും സർവ്വശക്തനും, സർവ്വകാരുണികനും, സർവ്വജ്ഞനുമായി ലോകം കാത്തുരക്ഷിക്കുന്ന ഒരു ദൈവത്തെ സങ്കല്പിക്കുന്നതെന്നതിന് ഒരു സംശയവുമില്ല. ഇപ്പോഴത്തെ ഈശ്വരന്മാരെ മുഴുവൻ ഓർത്തുതീരണമെങ്കിൽ കുറെ അധികം സമയം വേണം. അതുകൊണ്ടാണ് ജോലിയുള്ളവർ ആ ഈശ്വരന്മാരെ ഓർക്കുന്നതിനുവേണ്ടിത്തന്നെ വേറൊരു വേലയുമില്ലാത്ത ഒരു കൂട്ടരെ കൂലിക്ക് നിറുത്തിയിരിക്കുന്നതു്.

ഏതുമാതിരി ദൈവങ്ങളും ഒരുവക അന്ധവിശ്വാസഫലമാണെന്നും, അതുകൊണ്ട് പിന്നെ ഏതു ദൈവമായാലും തരക്കേടില്ലെന്നും വാദിച്ച് പൌരാണികദേവന്മാർക്ക് രക്ഷകൊടുക്കുന്ന ഒരു കൂട്ടരുണ്ട്. അവരുടെ വാദവും വാദത്തിനുവേണ്ടി സമ്മതിച്ചുകൊടുക്കാം. എന്നാൽ ജനങ്ങൾക്ക് അസൌകര്യവും ദോഷവും ഉള്ള അന്ധവിശ്വാസത്തിനുപകരം സൌകര്യവും ഗുണവുമുള്ള അന്ധവിശ്വാസം എടുക്കുകയല്ലയോ നല്ലതു്. ഏതു വഴിക്ക് നോക്കിയാലും ഹിന്തുക്കൾ ഈവക ഈശ്വരന്മാരെയും, പിശാചന്മാരെയും, പ്രേതങ്ങളെയും, സൂര്യചന്ദ്രനക്ഷത്രങ്ങളെയും, പശു, പാമ്പ, പരുന്ത് മുതലായ ജന്തുക്കളെയും, നദികളെയും, സാളഗ്രാമം മുതലായ കല്ലുകളെയും ദൈവികമായി ഇന്നും ആരാധിക്കുന്നതു ഒരു മഹാത്ഭുതമാണ്. ലോകത്തിൽ ഏതു സമുദായക്കാർക്കും ഒരു ഘട്ടത്തിൽ ഈമാതിരി ആരാധന ഉണ്ടായിരുന്നിട്ടുണ്ട്. അവരെല്ലാം ആ നിലവിട്ടുയന്നു. ഹിന്തുക്കൾക്ക് അതു വിടാൻ കാലമായിട്ടില്ല.

ബ്രഹ്മസമാജം, ആര്യസമാജം മുതലായ നവീന മതപ്രസ്ഥാനങ്ങൾക്ക് ഈ മാലിന്യങ്ങൾ ഇല്ലാത്തതു ആശ്വാസജനകമാണ്. പൌരാണികമതത്തിന്റെയും ബ്രാഹ്മണമതത്തിന്റെയും അന്ധവിശ്വാസങ്ങൾക്കെല്ലാം സയൻസ് വാർണീഷി

ഈട്ടും മിന്നുകളും കൊട്ടുകുന്ന ശ്രമങ്ങളേയും ജയിച്ച് ഹിന്ദുക്കളുടെ മതവിശ്വാസത്തെ പരിഷ്കരിക്കുന്നതിന് ആരംഭിച്ചിട്ടുള്ള നവീകരണ പ്രസ്ഥാനങ്ങളെല്ലാം പ്രചരിക്കുന്നതു ഇന്ത്യയുടെ രക്ഷയായിരിക്കും.

## II.

## കേരളത്തിലെ ഹിന്ദുമതം.

കേരളത്തിലെ ഹിന്ദുമതചരിത്രത്തിൽ ഇപ്പോൾ ഒരു പ്രധാന ഘട്ടമാണ്. ഇവിടെ ഹിന്ദുമതം ഒന്നുകിൽ നന്നാകണം, അല്ലെങ്കിൽ ചാകണം എന്ന നിലയിൽ എത്തിയിരിക്കുന്നു. ഇപ്പോൾ ഹിന്ദുമതം എന്നു പറയുന്നതു് അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ഒരു കൂടാണ്. മനുഷ്യനുവേണ്ടിയാണ് മതം. അല്ലാതെ മതത്തിനുവേണ്ടിയല്ല, മനുഷ്യൻ എന്നതു് ഹിന്ദുക്കൾ തീരെ മറന്നിരിക്കുന്നു. ഇവിടത്തെ ഭൂരിപക്ഷം ഹിന്ദുക്കൾ ഹിന്ദുക്കളായിരിക്കുന്ന കാരണത്താൽ സാമുദായികമായും രാഷ്ട്രീയമായും വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടു്. ഹിന്ദുക്കളിൽ അധികാരവും പ്രാബല്യവും ഉള്ളവർ ഇവരെ അകററി നിറുത്തുവാൻ വലിയ ശാഠ്യമുള്ളവരാണ്. മററു മതക്കാരൊക്കെ അവരുടെ ആരാധനസ്ഥലങ്ങളിൽ എല്ലാവരേയും ക്ഷണിച്ചുവരുത്തുന്നു. എന്നാൽ ഹിന്ദുക്കൾ അവരുടെ ആരാധനസ്ഥലങ്ങളിൽനിന്ന് സ്വന്തമതക്കാരിൽ ഭൂരിപക്ഷത്തെ അകററി നിറുത്തുന്നു. ആരാധനസ്ഥലങ്ങൾ അട്ടുകളകളും ക്ലബ്ബ്കളും ആയിത്തീന്നതുകൊണ്ടായിരിക്കാം ഈ നിർബന്ധം ഇവക്കു മാറാത്തതു്. ഏതായാലും അകററപ്പെടുന്നവക്ക് അതു സഹിക്കവയ്യാത്ത ശല്യമായിട്ടുണ്ടു്. തങ്ങളുടെ മതത്തിൽ തങ്ങൾക്ക് പൂണ്ണസ്വാതന്ത്ര്യമില്ലെന്നുള്ള— അല്ല തങ്ങളുടെ മതത്തിൽ നിൽക്കുന്നതുകൊണ്ടു് തങ്ങൾക്ക് വഴി നടക്കാൻകൂടി സ്വാതന്ത്ര്യം ഇല്ലെന്നുള്ള— അപമാനബോധം അവരെ വല്ലാതെ വേദനപ്പെടുത്തുന്നു. എങ്ങിനെയും ഈ സ്ഥിതിക്ക് പരിഹാരമുണ്ടാ

ക്കാൻ അവർ ഒരുങ്ങിക്കഴിഞ്ഞു. അതിനുള്ള ശ്രമത്തിൽ അവരുടെ ഉപായചിന്ത പലവഴിക്കും തിരിഞ്ഞിട്ടുണ്ട്. അതിൽ മതംമാററം ഒരു വഴിയാണ്.

എല്ലാവരുംകൂടി ക്രിസ്തുമതത്തിൽ ചേന്ന് കേരളത്തെ ഒരു ക്രിസ്ത്യാനി രാജ്യമാക്കുന്നത് നല്ലതല്ലേ എന്ന് അവരിൽ ഉത്തരവാദിത്വമുള്ള ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഇന്നു ഭൂഖണ്ഡം മിക്കവാറും ക്രിസ്ത്യാനികളുടെ അധീനത്തിലാണ്. ഹിന്ദുക്കളുടെ— ഹിന്ദുരാജാക്കന്മാരുടേയും ബ്രാഹ്മണരുടേയുമെല്ലാം— യജമാനന്മാർ ക്രിസ്ത്യാനികളാണ്. "എന്റെയും എന്റെ മദാമ്മയുടേയും മതം വിശ്വസിക്കുന്നവരുടെ അവകാശങ്ങളെ ശരിക്കു കൊടുത്തുകൊള്ളണം" എന്ന് മദ്രാസ് ഗവൎണ്ണർമാർ പറഞ്ഞാൽ അത് തുലാഭാരവും ഹിരണ്യഗൎഭവും കഴിച്ച രാജാക്കന്മാൎക്കും, മനസ്സുണ്ടായാലും ഇല്ലെങ്കിലും, കേൾക്കാതിരിക്കാൻ തരമില്ലല്ലോ. ക്രിസ്തുമതക്കാർ അവരിൽ ചേരുന്നവരെ അടിച്ചോടിക്കയില്ല. നേരെമറിച്ച് അവരുടെകൂടെ ചേരുന്നതിനും അവരുടെ സ്വൎഗ്ഗത്തിലും പള്ളിയിലും യോഗ്യതയുണ്ടെങ്കിൽ പൌരോഹിത്യത്തിലും പങ്കുകൊള്ളുന്നതിനും അവർ എല്ലാ മനുഷ്യരേയും ക്ഷണിക്കുന്നു. അതിന്ന് കൂലിക്ക് ആളെ നിറുത്തുക കൂടി ചെയ്യുന്നു. ക്രിസ്തീയ വിശ്വാസത്തിലേക്ക് ലോകത്തെ തിരിക്കുന്നതിന്ന് മരിക്കാൻ കൂടി അവർ തയ്യാറാണ്. ഏതു മുക്കിലും മൂലയിലും പണവും വിദ്യയും മരുന്നും 'സുവിശേഷവും' കൊണ്ടുചെന്ന് മനുഷ്യന്റെ ലൌകികവും ആത്മികവുമായ ആവശ്യങ്ങളെ നിർവഹിക്കാനും ആശ്വസിപ്പിക്കാനും അവനെ അഭിവൃദ്ധിമാൎഗ്ഗങ്ങളിലേക്ക് പിടിച്ചുകയററാനും അസംഖ്യം മിഷ്യനറിമാർ ഒരുക്കമുണ്ട്. കേരളത്തിൽ ഹിന്ദുക്കളായിരിക്കെ വഴിനടക്കാൻ കൂടി സ്വാതന്ത്ര്യമില്ലാത്ത വൎഗ്ഗക്കാൎക്ക് മേൽപ്രകാരമുള്ള ഒരു മതത്തിലേക്ക് പോകുന്നതു ദോഷമായിത്തോന്നുമൊ?

ക്രിസ്ത്യാനികളായാൽ അവൎക്ക് പള്ളി, പള്ളിക്കൂടം, വ്യവസായശാല എല്ലാം ഉണ്ടാകും. അവർ ക്ഷണത്തിൽ പഠിപ്പും പണവും അധികാരവും അവകാശവും ഉള്ളവരാകും. മോ

ക്ഷം മററു മതത്തിലുള്ളതുപോലെ ക്രിസ്തുമതത്തിലുമുണ്ടല്ലോ. ഹിന്തു ചാന്നാന്മാർ ഇന്നും പനയുമായുള്ള ചങ്ങാത്തം വിട്ടിട്ടില്ല. എന്നാൽ ക്രിസ്തുമതത്തിൽ ചേന്ന ചാന്നാന്മാർ രാജകീയ കാളേജുകളിലെ പ്രൊഫസ്സർ സ്ഥാനംവരെ ഉയന്നു! ഹിന്തു പറയന്മാർ ഇന്നും പറയന്മാർതന്നെ. ക്രിസ്തുമതത്തിൽ ചേന്ന പറയന്മാർ ഡർബാർ ഫിസിഷ്യൻ സ്ഥാനംവരെ എത്തി. ഇതിനെല്ലാം കാരണം എന്തു്? ക്രിസ്തുമതം വിശ്വസിക്കുന്ന ചാന്നാന്മാരേയും പറയരേയും ഈഴവരെയുമെല്ലാം നന്നാക്കാൻ ഭൂമിയുടെ നാനാഭാഗങ്ങളിൽ നിന്നു് പണവും ആളും അധികാരവും വന്നു് കാത്തുനിൽക്കുന്നു. ആ സഹായം സ്വീകരിച്ചു് നന്നാകരുതോ എന്നാണു് മതംമാറണമെന്ന അഭിപ്രായക്കാരുടെ ചോദ്യം. അതു ഘൃണയല്ല എന്നുള്ള വക്രോക്തി അതിന്നു് ഉത്തരമല്ല. ഹിന്തുക്കളായിക്കിടന്നു് ചവിട്ടുകൊള്ളുന്നതിനേക്കാൾ ഘൃണ ക്രിസ്ത്യാനിയായിട്ടു് ഞെളിഞ്ഞു നടക്കുന്നതാണെന്നുള്ളതിന്നു് സംശയമില്ല. ഏതായാലും മതംമാററത്തിനുള്ള ആഗ്രഹത്തിൻെറ മുള ഈഴവാദി സമുദായങ്ങളിൽ ഉണ്ടായിട്ടുണ്ടു്. അതിൻെറ വളർച്ച എങ്ങിനെയായിരിക്കുമെന്നു് താമസിയാതറിയാം. ബ്രഹ്മസമാജത്തിൽ ചേരണമെന്നു് ഒരു കക്ഷിയും പ്രബലപ്പെട്ടു വരുന്നുണ്ടു്. ബുദ്ധമതത്തെ അവലംബിക്കണമെന്ന അഭിപ്രായക്കാരും— നേതാക്കന്മാരിൽതന്നെ— ഇല്ലാതില്ല.

ഈഴവാദികളുടെ ഉപായചിന്തയുടെ വേറൊരുഗതി നിയമാനുസരണമായ പ്രക്ഷോഭനത്തിലേക്കാണു്. അവരുടെ നാട്ടിൽ അവക്കും മററുള്ളവക്കുള്ളതായ സ്വാതന്ത്ര്യങ്ങളുണ്ടായിരിക്കേണ്ടതാണെന്നു് വാദിക്കുക; നാട്ടിൽ നിന്നു് കരംപിരിച്ചു് ചില വഗ്ഗക്കാരെ തീററിപ്പോററി രക്ഷിക്കുയും മററുള്ളവരെ മൃഗങ്ങളേക്കാൾ നികൃഷ്ടരായിക്കരുതി ചവിട്ടിത്തേക്കുയും ചെയ്യുന്ന അനീതിയെ ശക്തിയോടെ എതിക്കുക; എന്നാണു് ഈഴവാദികളുടെ നിശ്ചയം. ഈ വാദത്തിൽ സഹനസമരം വേണ്ടിവന്നാൽ അതും പ്രയോഗിക്കുവാൻ അവക്കു മടിയില്ല. ക്ഷേത്രപ്രവേശനവാദംതന്നെ കുറെനാൾ അപേക്ഷിച്ചിട്ടും ഹർജിബോധിപ്പിച്ചിട്ടും ഡെപ്യൂട്ടേഷൻ പോയിട്ടും സാധിക്കുന്നില്ലെന്നു കണ്ടാൽ

കഷ്ടപ്പാട് സഹിക്കാൻ തക്ക പാകതവന്നവർ സഹനസമരനയം പ്രയോഗിച്ച് സക്കാർ ക്ഷേത്രങ്ങളിൽ കയറും. അപ്പോൾ അവക്ക പിഴയിട്ടാൽ അവർ കൊടുക്കയില്ല. പിന്നെ അവരെ തടവിലിടുകയൊ കഴുവേറുകയൊ ചെയ്യും. അതെല്ലാം കാരിഷ്യബുദ്ധികൂടാതെ സഹിക്കാൻ അവക്ക കഴിയും. ഹിന്തുക്കളായ അവർ ഹിന്തുക്ഷേത്രങ്ങളിൽ ചെന്നു ആരാധന ചെയ്വാൻ കൊതിച്ച മഹാപരാധത്തിന്നു അവരെ, ഹിന്തുരാജാക്കന്മാരുടെ ഹിന്തുമന്ത്രിമാരുള്ള ഹിന്തു ഗവമ്മെണ്ടുകൾ, തടവിലേക്കും കഴുവിലേക്കും പറഞ്ഞയച്ചാൽ അതു് ഹിന്തുമതത്തിൻെറ തീരാകളങ്കമായും അതിൻെറ ഹീനതത്വത്തിൻെറ പ്രത്യക്ഷമുദ്രയായും ചരിത്രം രേഖപ്പെടുത്തുമാറാകും. അതുമാത്രമെ മതംമാറുന്ന തങ്ങളുടെ വിരോധികൾക്ക് ഈഴവാദികൾ ശിക്ഷയായ്ക്കരുതുന്നുള്ളു. ഇങ്ങിനെ ഹിന്തുമതത്തെ ഒരിക്കലും നന്നാക്കാൻ പാടില്ലാത്തമാതിരി അതു് തീരെക്കെട്ട നിലയായെന്നു കണ്ടാൽ അതിൽനിന്ന് ഓടി രക്ഷപ്രാപിക്കണമെന്നുള്ളവക്ക് അതു് വലിയ പ്രോത്സാഹനമായിരിക്കും. അല്ല ക്ഷേത്രപ്രവേശനത്തിനുവേണ്ടി ചിലർ തടവും കഴുവും വരിക്കുന്നതുകൊണ്ട് ഹിന്തുജനതയുടെ, പ്രത്യേകിച്ച് ഹിന്തുരാജാക്കന്മാരുടേയും അവരുടെ ആരാദ്ധ്യപുരുഷരായ ബ്രാഹ്മണരുടേയും, കണ്ണുതുറക്കപ്പെട്ടമെങ്കിൽ അതിനാലെ ഹിന്തുമതത്തിന് ജീവൻവീഴും. ഊണിനേക്കാളും ദക്ഷിണയേക്കാളും 'സ്വാമി' വിളിയേക്കാളും ബ്രാഹ്മണർ ഹിന്തുമതത്തിൻെറ പ്രശസ്തിയേയും പ്രാബല്യത്തേയും ഗണിക്കുന്നുണ്ടെങ്കിൽ, അവരിൽനിന്ന് യോഗ്യന്മാർ ഇറങ്ങി മതോദ്ധാരണത്തിനുവേണ്ടി, അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഹിന്തുക്കളെ ആകെ രക്ഷിക്കുവാൻവേണ്ടി, ഹിന്തുമതം മനുഷ്യമതമെന്ന് സ്ഥാപിക്കാൻവേണ്ടി, പ്രയത്നിക്കും. അല്ലെങ്കിൽ ഹിന്തുക്കൾ കൊള്ളാത്തവരും, ഹിന്തുമതം കൊള്ളാത്തതുമെന്ന് ലോകത്തിന്ന് ഒരു സാധനപാഠം പഠിക്കാറാകും. എങ്ങനെയും വളരെ അടുത്തു് ഒരു വലിയ മാററം കേരളീയ ജീവിതത്തിൽ വരാതിരിക്കാൻ തരമില്ല. അതിനെ ഏററവും അഭിലഷണീയമായ വഴിക്ക് തിരിക്കാൻ അവരവരെക്കൊണ്ട് കഴിയുന്നതു് ഓരോരുത്തരും ശ്രമിക്കണം. വരേണ്ടതു വരട്ടെ.

III.

## ഹിന്തുമത പരിഷ്ക്കാരം.

ഹിന്തുമതം അധഃപതിച്ചുപോയി എന്നമുറവിളി ഇപ്പോൾ എവിടെയും കേൾക്കാം. നമ്മുടെ പ്രാസംഗികന്മാരുടേയും എഴുത്തുകാരുടേയും പഴകി പ്രിയപ്പെട്ട പല്ലവി അതുതന്നേയാണ്. അതുകൊണ്ടു ഹിന്തുക്കളുടെ ശരിയായ അഭിവൃദ്ധിക്ക വേണ്ടി വല്ലതും ചെയ്യാമെന്നുള്ളവർ ഈ മുറവിളിക്ക എന്തെങ്കിലും അൎത്ഥം ഉണ്ടോ എന്ന നോക്കണം. വാസ്തവത്തിൽ ഹിന്തുമതം അധഃപതിച്ചു എന്നല്ല അത് ഇനിയും നന്നായിട്ടില്ല എന്നാണ് പറയേണ്ടത്. ഹിന്തുമതം അധഃപതിച്ചുപോയി എന്നു പറയുന്നവരുടെ വാദത്തെ പരിശോധിക്കാം. അവരുടെ ഊഹത്തിൽ അധഃപതിക്കാത്ത ഒരു ഹിന്തുമതം ഒരിക്കൽ ഉണ്ടായിരുന്നു എന്നു വരുന്നുണ്ട്. ആ ഹിന്തുമതം ഏതുകാലത്തെ ഹിന്തുമതമായിരുന്നു?

അത് വൈദികകാലത്തെ ഹിന്തുമതമാണൊ? വൈദികമതത്തെ ഹിന്തുമതമെന്നു പറയുന്ന കാൎയ്യത്തിൽതന്നെ ഭിന്നാഭിപ്രായങ്ങൾക്ക് വഴിയുണ്ടെങ്കിലും വാദത്തിനുവേണ്ടി വൈദികമതം ഹിന്തുമതം തന്നെയെന്ന് സമ്മതിച്ചുകൊടുക്കാം. എന്നാൽ ആ മതം പ്രശസ്തമായ ഒരു മതമാണോ? നാലു വേദങ്ങളും പ്രത്യേകിച്ചു ഋഗ്വേദവും പരിശോധിക്കുക. അപ്പോൾ വൈദികകാലത്തെ മതം പരിഷ്കൃതന്മാൎക്ക ഏററവും ഗൎഹണീയമായ ഒരു പ്രാകൃത മതമാണെന്നു എളുപ്പം മനസ്സിലാകും. ഇപ്പോഴും നമ്മിൽ ചിലർ ആടും കോഴിയും വെട്ടി കള്ളും പൊടിയും വച്ചു കുരുതിയും കലശവും കഴിക്കാറുണ്ടല്ലൊ. വൈദികകാലത്തെ ആൎയ്യന്മാരും ചെയ്തിരുന്നതു ഇതുതന്നേയാണ്. ഇപ്പോഴത്തേപ്പോലെ ആടിനേയും കോഴിയേയും മാത്രമല്ല പശുവിനേയും കാളയേയും കുതിരയേയും, അല്ല മനുഷ്യനേത്തന്നേയും അവർ വെട്ടിയിരുന്നു. നമ്മൾ തെങ്ങിന്റെ കള്ളും ചാരായവും നിവേദിക്കുന്നതിനു പകരം അവർ സോമവള്ളി മുത

ലായ സാധനങ്ങളിൽനിന്ന് പലമാതിരി കള്ളുകളും ചാരായങ്ങളുമുണ്ടാക്കി നിവേദിച്ചിരുന്നു. ഇതിലൊന്നിലുമല്ല വ്യത്യാസം. നമ്മൾ കുരുതിയെന്നും കലശമെന്നും പറയുന്നതിനെ അവർ യാഗമെന്നും യജ്ഞമെന്നും മേധമെന്നുമൊക്കെ സംസ്കൃതത്തിൽ പറഞ്ഞു. നമ്മൾ കള്ളും ചാരായവുമെന്നു പറയുന്നതിനു പകരം അവർ സോമം സുര എന്നെല്ലാം പറഞ്ഞു. നമ്മൾ വെളിച്ചപ്പാടു തുള്ളക്കാരൻ മന്ത്രവാദി എന്നു പറയുന്നവരെ അവർ പുരോഹിതൻ, അധ്വര്യു, ഉൽഗാതാവ് മുതലായ പേരുകളെക്കൊണ്ടു വിളിച്ചു. രണ്ടിനേയും ശരിക്കു പരിശോധിക്കുമ്പോൾ നമ്മുടെ കുരുതിമതം തന്നെയാണ് വൈദികാചാര്യന്മാരുടെ യജ്ഞമതമെന്നു വേദഗ്രന്ഥങ്ങൾ വായിച്ചിട്ടുള്ളവർ സമ്മതിക്കണം. മനസ്സാക്ഷിയെ വഞ്ചിക്കാത്ത ഹിന്ദുക്കൾ അതു തുറന്നു പറയുകയും വേണം.

ഇനി വൈദികകാലം കഴിഞ്ഞ് ഉപനിഷത്തുക്കളുടെ കാലത്തു വന്നു. അന്നത്തെ മതമാണൊ അധഃപതിക്കാത്ത ഹിന്ദുമതമെന്നു നോക്കാം. അക്കാലത്തു വലിയ ചിന്തകന്മാർ വളരെയുണ്ടായിട്ടുണ്ട്. അവരുടെ ചിന്തയുടെ ഫലമാണ് ഉപനിഷത്തുക്കൾ. പക്ഷെ ഉപനിഷത്തുകളിലെ സിദ്ധാന്തങ്ങൾ അനുസരിച്ചു ജീവിച്ച ഒരു ഹിന്ദുജനസമുദായം അന്നും ഉണ്ടായിരുന്നിരിക്കണമെന്നില്ല. കുരുതിമതം തന്നെയായിരിക്കണം അന്നത്തെയും ഹിന്ദുമതം. തത്വശാസ്ത്രവും മതവും രണ്ടാണ്. തത്വശാസ്ത്രം എത്ര ഉൽകൃഷ്ടമായിരുന്നാലും അതിനനുസരിച്ചുതന്നെ മതവും ഇരിക്കണമെന്നില്ല. അദ്വൈത തത്വശാസ്ത്രത്തിൻെറ സ്ഥാപകനോ പ്രചാരകനോ ആയ ശങ്കരാചാര്യർ "സദാനന്ദരൂപഃ ശിവഃ കേവലോഹം" എന്നു പാടിയ നാക്കുകൊണ്ടുതന്നെ "കലാഭ്യാം ചൂഡാലംകൃത ശശികലാഭ്യാം ഭ്യാം ഭ്യാം ഭ്യാം ഭ്യാം" എന്നു ഭ്യാം പാടിയതുതന്നെ അതിനു ദൃഷ്ടാന്തമാണല്ലൊ.

പിന്നെ സ്മൃതികളുടേയും പുരാണേതിഹാസങ്ങളുടേയും കാലത്തെ ഹിന്ദുമതമാണോ അധഃപതിക്കാത്ത ഹി

മതമെന്നു നോക്കാം. അക്ഷര സംയുക്തനായ ശൂദ്രനെ ദൂരെ വർജ്ജിക്കാൻ ഉപദേശിക്കുന്ന അസുരശാസനങ്ങളാണ് സ്മൃതികളിൽ അടങ്ങിയിരിക്കുന്നതു്. പുരാണങ്ങൾ, വല്ലവരുടെ ചോറുതിന്നു നേരംപോക്കാൻ വഴിയില്ലാതെ ബുദ്ധിമുട്ടിയ ഒരു കൂട്ടരുടെ അലസമായി ഒഴിഞ്ഞ മനസ്സിൽ ധാന്യകൃഷിയില്ലാഞ്ഞിട്ടു തഴച്ചു വളൎന്ന കളകളാണ്. "കട്ടുറുമ്പിന്നു കാതുകുത്തി. തെങ്ങണംപുല്ലുകൊണ്ടു വേലികെട്ടി. ഉരിയരിവെക്കാൻ വിറകിനുപോയി. വിറകിന്മേൽ കണ്ടാൻ ചോര. ചോര കഴുകാൻ നീററിൽ പോയി. നീററിൽ കണ്ടാൻ വാള. വാള വലിക്കാൻ വള്ളിക്കു പോയി. വള്ളിയിൽ തട്ടിത്തടംപുട്ടം." ഈ മാതിരി കുട്ടികൾ പാടുന്ന കടംകഥകളെപ്പോലെതന്നെ ഒരൎത്ഥവുമില്ലെങ്കിലും പല അൎത്ഥങ്ങളും കൊടുക്കാവുന്ന നുണക്കഥകളാണ് പുരാണങ്ങളിലെ കഥകളും. നല്ലതും ചീത്തയും കള്ളവും നേരും കൂടി ആൎക്കും തിരിച്ചെടുക്കാൻ പാടില്ലാത്ത വിധത്തിൽ കൂട്ടിക്കുഴമ്പിയ കൃതികൾ പുരാണങ്ങളെപ്പോലെ വേറെ കാണുകയില്ല. ജനങ്ങൾക്കു് അന്ധവിശ്വാസവും അനാചാരവും ഉണ്ടാക്കി അവരിൽനിന്നു് ഊണും ദക്ഷിണയും വാങ്ങാൻവേണ്ടി ചിലൎക്കു ഈ പുരാണങ്ങൾ ഉപകരിക്കും. മററാൎക്കും ഇവകൊണ്ടു് ഒരു പ്രയോജനവും ഇല്ല. ഈ മാതിരി സ്മൃതിപുരാണാദികളുടെ കാലത്തെ ഹിന്തുമതമാണൊ അധഃപതിക്കാത്ത ഹിന്തുമതം? ശാന്തം പാപം! അത്രയും ചീത്തയായ ഒരു മതം ലോകത്തിൽ ഒരിടത്തും ഒരിക്കലും ഉണ്ടായിട്ടില്ല. ഇങ്ങനെ നോക്കിയാൽ ബുദ്ധമതം പ്രചരിച്ച കാലത്തെ ഒഴിച്ചു് ഒരവസരത്തിലും ഹിന്തുക്കൾക്കു മനുഷ്യരുടെ അഭിവൃദ്ധിക്കു സഹായിക്കുന്ന ഒരു മതം ഉണ്ടായിരുന്നതായി കാണുകയില്ല.

അതുകൊണ്ടു് ഹിന്തുമതം അധഃപതിച്ചു എന്നല്ല അതു് ഇനിയും ഉയൎന്നിട്ടില്ല എന്നാണു കരുതേണ്ടതു്. ഇതുതന്നെയാണ് എല്ലാ മതങ്ങളുടെയും സ്ഥിതിയും. മതങ്ങൾ പരിപൂൎണ്ണ ഗുണമുള്ള ഒരു സ്ഥിതിയിലുണ്ടായി, കാലക്രമേണ ദുഷിച്ചുവരികയല്ല. നേരെ മറിച്ചു അപൂൎണ്ണസ്ഥിതിയിലുണ്ടായി പരിപൂൎണ്ണസ്ഥിതിയെ ലാക്കാക്കി വളൎന്നുവരികയാണ്. "പാമ്പാ

"നല്ലതു പഴയതു്" എന്ന പാമര മനോഗതിക്കെതിരായിപ്പോകുന്നതു് പ്രയാസമാണെന്നു കണ്ടിട്ടാണു് മതം അധഃപതിച്ചു അധഃപതിച്ചു എന്നു മുറവിളികൂട്ടാൻ ഓരോ മതക്കാരും മടിക്കാത്തതു്. വാസ്തവത്തിൽ പ്രായേണ എല്ലാ മതങ്ങളും നന്നായി വരികയാണു്, ഇനിയും നല്ലപോലെ നന്നായിട്ടില്ല എന്നേയുള്ളു. ജ്ഞാനത്തിനു ലോകത്തിൽ ദിനംപ്രതി ആഴവും പരപ്പും കൂടിവരികയാണെന്നു് ബോധമുള്ളവൎക്കൊക്കെ അറിയാമല്ലൊ. സ്വാതേ ചീത്തയായതു കുറേക്കൂടി ചീത്തയായി എന്ന അൎത്ഥത്തിൽ ഹിന്ദുമതം അധഃപതിച്ചു എന്നു പറയുന്നതിലും കുറേയൊക്കെ വാസ്തവം ഉണ്ടു്. ജാതി മുതലായ മാലിന്യങ്ങൾ പണ്ടേക്കാലത്തു് ഹിന്ദുമതത്തിനു ഇത്ര കലശലായിരുന്നില്ല.

ഹിന്ദുമതം അധഃപതിച്ചു എന്നു് മുറവിളിക്കുന്നവരുടെ വാദത്തെ വേറൊരു വഴിക്കുകൂടി നിരൂപണം ചെയ്യാം. ശരി. ഹിന്ദുമതം അധഃപതിച്ചു എന്നുതന്നെ സമ്മതിക്കാം. എന്നാൽ അവർ അതിനെ ഉദ്ധരിക്കുവാൻ നിർദ്ദേശിക്കുന്ന മാൎഗ്ഗങ്ങൾ വഴി പോയാൽ ഹിന്ദുമതം ഉദ്ധരിക്കപ്പെടുമോ? ഇല്ല ഇല്ല എന്നു് ശപഥം ചെയ്യണം. വൃഥാ സ്ഥൂലവും ആസുരവുമായ ആരാധനക്രമം മാററാൻ നമുക്കിന്നും കഴിഞ്ഞിട്ടില്ല. കാളിക്കു് "കോഴിയുമാടുമറുപ്പതു നാശ"ത്തിനാണെന്നു പഠിക്കുവാൻ സാധിച്ചിട്ടില്ല. വലിയ ഹിന്ദുമതനവീകരണം ആരംഭിച്ച കാളിഘട്ടത്തിൽ ചോര ഇന്നും നിർദ്ദയമായി ഒലിക്കുന്നു. മനുഷ്യനെ പിടിച്ചറുത്തു കാളിയെ തൃപ്തിപ്പെടുത്താൻ നോക്കാത്തതു് ബ്രിട്ടീഷ് ഗവമ്മേൻറിനെ ഭയന്നിട്ടാണു്. ഭയങ്കരിയും ബീഭത്സയും ജുഗുപ്സാവഹയും നിശാചരൂപിണിയുമായ കാളിയേപ്പോലെയുള്ള ദേവതകളാണോ മോക്ഷമാൎഗ്ഗം? ജാതിവ്യത്യാസം കളയാനും ഹിന്ദുമത നവീകരണത്തിന്നു് സാധിക്കുന്നില്ല. "ചാതുൎവ്വർണ്യം മയാസൃഷ്ടം ഗുണകൎമ്മ വിഭാഗശഃ" എന്നു ചൊല്ലി ജാതിയില്ലെന്നു പറയും. എന്നാൽ കച്ചവടക്കാരൻ പരമേശ്വരയ്യരുടെ അക്ഷരജ്ഞാനമില്ലാത്ത മകളെ കച്ചവടക്കാരൻ ഇസ്മാൻഖാൻെറ ബി. ഏ. ക്കാരൻ മകനു വിവാഹം ചെയ്യുവാൻ വിരോധമുണ്ടോ എന്നു ചോദിക്കുമ്പോൾ ഗുണകൎമ്മവിഭാഗ

തോട്ടിതന്നെ. ഗുണവും കർമ്മവും എത്ര ഒത്തിരുന്നാലും അവിടെ ജനനവും പതിവും വേണമെന്നു പറയും.

ഹിന്ദുസഹോദരങ്ങളെ, നമ്മുടെ മതം അധഃപതിച്ചതായാലും അല്ലെങ്കിലും അതിന്നിപ്പോൾ ചില മാററങ്ങൾ വരുത്തണം. അതു ഹിന്ദുമതം പഴയ കാലത്തു അത്യുത്തമമായിരുന്നു എന്നു പച്ചക്കള്ളം പറഞ്ഞു ജനങ്ങളെ കബളിപ്പിച്ചിട്ടുവേണ്ട. ജ്ഞാനം പഴയകാലത്തു പരിപൂർണ്ണമെന്നും പഴയ കാലത്തുള്ളവർ സർവ്വജ്ഞരായിരുന്നു എന്നും ഉള്ള അന്ധവിശ്വാസം തന്നെ അവരുടെ ഇടയിൽ ആദ്യമെ ഇല്ലാതാക്കുക. പണ്ടേക്കാലത്തുള്ളവർ അറിഞ്ഞതും നമുക്കു ഇപ്പോൾ കരസ്ഥമായിരിക്ക കൊണ്ട്, അവരേക്കാളും കൂടുതലായി അറിയാനും, അവർ സാധിച്ചതിലും വലിയ കാര്യങ്ങൾ സാധിക്കാനും നമുക്കു കഴിയുമെന്നുള്ള വിശ്വാസം ജനങ്ങളുടെ ഇടയിൽ പരത്തുക. ആ ഒരൊററ വിശ്വാസം അവരെ ഉയർത്തും. മതജ്ഞാനവും ശാസ്ത്രജ്ഞാനവും അവരിൽ വളർന്നുവരുവാനുള്ള ഏക മാർഗ്ഗം അതാണ്. അല്ലാതെ പഴയകാലത്തുള്ളവർ സർവ്വജ്ഞരായിരുന്നു എന്ന് വെറുതെ കണ്ണുപൂട്ടി വിശ്വസിച്ച്, അവരുടെ അഭിപ്രായങ്ങൾക്ക് ഭാഷാനിയമങ്ങളെക്കൂടി ഗണിക്കാതെ തിരിച്ചും മറിച്ചും വ്യാഖ്യാനവും, വ്യാഖ്യാനത്തിനു വ്യാഖ്യാനവും ചെയ്യുന്ന ആത്മവഞ്ചനാ സമ്പ്രദായംകൊണ്ട് ഒരു ഫലവും ഇല്ല. ഹിന്ദുമതത്തിൽ ഇപ്പോൾ തെററായി കാണുന്നതിന്ന് സയൻസ് വാർണീഷിട്ട് മിനുക്കി കാണിക്കാതെ അതിനെ ദൂരത്തെറിഞ്ഞുകളയുക.

ചോറും കറിയും വച്ചുള്ള ഈശ്വരസേവ മനുഷ്യരെ തമ്മിൽ അനാവശ്യമായി അകററിനിറുത്തുന്ന ജാതിവ്യത്യാസം മുതലായവയെ ഉപേക്ഷിക്കുക. സമുദായത്തിൽ ഓരോ അംഗങ്ങൾക്കും (വ്യക്തികൾക്കും) അന്യനു ഉപദ്രവം വരാത്തമാതിരി വിചാരിക്കുവാനും പറയുവാനും പ്രവർത്തിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ടാക്കുക. കീഴ്നടപ്പിനേയോ ആചാരമര്യാദകളേയോ ഭയന്നു ഒരുത്തനും തന്റെ അന്തഃകരണത്തിന്റെ പ്രേരണയെ തടഞ്ഞുനിറുത്തി ആത്മവഞ്ചനയിൽ അടിമജീവിതം

ജീവിക്കുവാൻ ഇടവരുത്താതാക്കുക. ഈവക പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുമ്പോൾ ഇപ്പോൾ നാം ഹിന്തുമതമെന്നു പറയുന്നതിൽനിന്ന് വളരെ ചപ്പും ചവറും വാരിക്കളയേണ്ടിവരും. അതെല്ലാം പോകട്ടെ ഹിന്തുക്കൾക്കു പ്രത്യേകമായുള്ള വിശ്വാസസ്വാതന്ത്ര്യം മുതലായി ബാക്കിവരുന്ന നല്ല അംശങ്ങളൊന്നും പോകയില്ല ഈ നിർദ്ദേശവഴിക്കാണ് ഹിന്തുമതത്തെ പരിഷ്കരിക്കേണ്ടത്. അല്ലാത്ത പരിഷ്കാരമൊക്കെ ഹിന്തുക്കളുടെ അധഃകരണത്തിൽ അവസാനിക്കും.

Printed and published for the proprietor by P. K. Joseph, at St. Joseph's Press, Mannanam, 1921.